## 22.12.2016 ന് കൂടിയ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയുടെ പ്രഥമ യോഗത്തിന്റെ മിനിറ്റ്സ്

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയുടെ പ്രഥമയോഗം 22.12.2016 ഉച്ച തിരിഞ്ഞ് 2.30 ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. പങ്കെടുത്ത ഗവേണിംഗ് ബോഡി അംഗങ്ങളുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിലെ പ്രോഗ്രാം ഓഫീസർ (പി, എം&ഇ) അവതരിപ്പിച്ചു.

**അവതരണം ചുരുക്കത്തിൽ**

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ വകുപ്പ് 17(2) പ്രകാരം പദ്ധതിയിലെ ഓരോ പ്രവൃത്തിയും ഗ്രാമസഭ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.
2. സംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി 31.10.2007 ലെ ജി.ഒ (ആർ.റ്റി) 2952/07/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവായി വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.
3. വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ 2007 ൽ കേരളത്തിലെ ആദ്യ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയോട് അനുബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് നടന്നു.
4. തുടർന്ന്, കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ 31.10.2007 ലെ ഉത്തരവിന് അനുസൃതമായി പദ്ധതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് നടപ്പാക്കി തുടങ്ങി.
5. 2011 ജൂൺ മാസം 30-ാം തീയതി കേന്ദ്രസർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു (Audit of Scheme Rules 2011). മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഉണ്ടാകണമെന്ന് കേന്ദ്രസർക്കാരിന്റെ Audit of Scheme Rules 2011 നിഷ്കർഷിക്കുന്നു.
6. 30.12.2015 ലെ ജി.ഒ (ആർ.റ്റി) നം. 3906 /15/എൽ.എസ്.ജി.ഡി പ്രകാരം സർക്കാർ സംസ്ഥാനത്ത് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ്

നടത്തുന്നതിനായി ഒരു സ്വതന്ത്ര സൊസൈറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകി.

7. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഡയറക്ടർ, സോഷ്യൽ ഡവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട്, എന്നിവരെ തെരഞ്ഞെടുക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03.10.2016 ന് ഇന്റർവ്യൂ നടത്തുകയും മൂന്ന് തസ്തികയിലേക്കും ഓരോ വ്യക്തികളെ വീതം തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ നിയമനത്തിനായുള്ള ശുപാർശ ഉത്തരവിനായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.
8. സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയ്ക്ക് ഒരു ഗവേണിംഗ് ബോഡി ഉണ്ടാകേണ്ടതാണെന്നും ഉത്തരവിൽ പരാമർശിക്കുന്നുണ്ട്.
9. 08.09.2016 ലെ ജി.ഒ (ആർ.റ്റി) 2648/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം നാല് ഔദ്യോഗിക അംഗങ്ങളും ഏഴ് അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടെ 11 അംഗങ്ങൾ അടങ്ങിയ സോഷ്യൽ ഓഡിറ്റ് ഗവേണിംഗ് ബോഡി സർക്കാർ രൂപീകരിച്ചു.
10. ഗവേണിംഗ് ബോഡിയുടെ അധികാരവും ഉത്തരവാദിത്തങ്ങളും വിശദീകരിക്കുന്ന കരട് ബൈലോ തയ്യാറാക്കിയിട്ടുണ്ട്.
11. ബൈലോ ഗവേണിംഗ് ബോഡി അംഗീകരിക്കുന്ന പക്ഷം, ആദ്യയോഗത്തിന്റെ മിനിട്സ് ഉൾപ്പെടെ Travancore Cochin Literary Scientific and Charitable Societies Registration Act 1955 അനുസരിച്ച് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രജിസ്റ്റർ ചെയ്യാവുന്നതാണ്.
12. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകുവാനുള്ള വിശദമായ ട്രെയിനിംഗ് മാന്വൽ കേന്ദ്രസർക്കാർ, ഹൈദ്രാബാദ് ദേശീയ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെയും, ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിന്റെയും സഹായത്തോടെ തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്.
13. ലീഡ് കോഴ്സ് കോർഡിനേറ്റർമാർ, എസ്.എ.യു കോർഡിനേറ്റർ, എസ്.ഐ.ആർ.ഡി കോർഡിനേറ്റർ എന്നിവരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

അവതരിപ്പിച്ച വിഷയങ്ങളിൻമേൽ വിശദമായ ചർച്ച നടന്നു.

**ചർച്ച ചെയ്ത പ്രധാന വിഷയങ്ങൾ**

- സോഷ്യൽ ഓഡിറ്റ് ഡയറക്ടറെയും സോഷ്യൽ ഡവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട് എന്നിവരെയും തെരഞ്ഞെടുത്ത് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള ശുപാർശ അംഗീകരിക്കപ്പെടുകയാണെങ്കിൽ നിയമനം നടത്താമെന്നും, മറിച്ചാണെങ്കിൽ വീണ്ടും അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തണമെന്നും യോഗം വിലയിരുത്തി.
- എല്ലാ അംഗങ്ങൾക്കും നൽകിയിട്ടുള്ള സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ കരട് ബൈലോ വിശദമായി പഠിച്ചതിനുശേഷം ഭേദഗതികൾ ആവശ്യമെങ്കിൽ ഡിസംബർ 30 ന് മുൻപ് സംസ്ഥാന തൊഴിലുറപ്പ് മിഷനിൽ അറിയിക്കേണ്ടതാണെന്ന് ഗവേണിംഗ് ബോഡി ചെയർമാൻ നിർദ്ദേശിച്ചു. നിർദ്ദേശിക്കപ്പെട്ട ഭേദഗതികൾ കരടിൽ ഉൾപ്പെടുത്തി അന്തിമമായി തയ്യാറാക്കുന്ന ബൈലോ ജനുവരി 5-ാം തീയതിയ്ക്ക് ജില്ലാ രജിസ്ട്രാറുടെ ഓഫീസിൽ സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രോഗ്രാം ഓഫീസർ (പി,എം&ഇ) ശ്രീ. ബി. സജിത്തിനെ ചുമതലപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചു.
- ഗ്രാമപഞ്ചായത്ത് തലത്തിൽ വിവര വിജ്ഞാന വ്യാപനപരിപാടികൾ വ്യാപകമായി നടത്തേണ്ടതാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.
- ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തുന്നതിനും സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കും കേരള അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ പിന്തുണ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ വാഗ്ദാനം ചെയ്തു.

**തീരുമാനങ്ങൾ**

1. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി Travancore Cochin Literary Scientific and Charitable Societies Registration Act 1955 അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതിനായി ചുവടെ സൂചിപ്പിക്കും വിധമുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

a) എല്ലാ അംഗങ്ങൾക്കും നൽകിയിട്ടുള്ള സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ കരട് ബൈലോ വിശദമായി വായിച്ചതിനുശേഷം ഭേദഗതികൾ നിർദ്ദേശിക്കാനുണ്ടെങ്കിൽ ഡിസംബർ 30 ന് മുൻപ് അറിയിക്കേണ്ടതാണ്. ഭേദഗതി വരുത്തിയതിനുശേഷം ജനുവരി 5-ാം തീയതിയ്ക്ക് മുൻപ് ബൈലോ അന്തിമമാക്കേണ്ടതാണ്.

b) ബൈലോയും ആദ്യയോഗത്തിന്റെ മിനിട്സും ഉൾപ്പെടെയുള്ള രേഖകൾ ജനുവരി മാസം 5-ാം തീയതി തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ സമക്ഷത്തിൽ സമർപ്പിച്ച് രജിസ്ട്രേഷന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിലെ പ്രോഗ്രാം ഓഫീസർ (പി,എം&ഇ) ശ്രീ. ബി. സജിത്തിനെ യോഗം ചുമതലപ്പെടുത്തി.

2. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകുവാനായി കേന്ദ്രസർക്കാർ, ഹൈദ്രാബാദ് ദേശീയ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെയും, ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിന്റെയും സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള ട്രെയിനിംഗ് മാന്വലിന്റെ പകർപ്പ് ഗവേണിംഗ്ബോഡി അംഗങ്ങൾക്കും, ജില്ലാ ബ്ലോക്ക് തലങ്ങളിലും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു.

3. ഗവേണിംഗ് ബോഡിയുടെ അടുത്ത യോഗം 11.01.2017 ന് ഉച്ചയ്ക്ക് ശേഷം 3 മണിക്ക് നടത്തുന്നതിന് തീരുമാനിച്ചു.

യോഗം 3.30 പി.എം ന് സമാപിച്ചു.

26/12/2016

ചെയർമാൻ

V.J. KURIAN
Additional Chief Secretary
Water Resources & CSIN Dept.
Govt. Secretariat, Tvpm.

O/o the Addl. Chief Secretary, Water Resources & CSIL Dept., Govt. of Kerala, Thiruvananthapuram

ടൈപ്പിസ്റ്റ് എസ്.ബി

# Mahatma Gandhi NREGS Kerala

## Social Audit Governing Body 1st Meeting on 22/12/2016

## at Mini Conference Hall, Govt. Guest House, Thycaud Thiruvananthapuram

| Sl.No. | Name | Designation | Mobile No. & e- mail ID | Signature |
|---|---|---|---|---|
| | C.K. Hareendran | MLA | 9447696005 | [signature] |
| | S. Rajendran. | | 9497849829 | [signature] |
| | Dr. N. Ramakandan | Governing Body Member. | 9496143232 | [signature] |
| | Kleengara Surendran | Ex.MP, governing body Members | 9447966516 | [signature] |
| | P. THANKAM. | Governing Body Member | 9495051115 KARTHIKA DEEPAM45 | [signature] |
| | Dr. S. SALIM | Chief operating officer (S) Kudumbashree HQ | 9446342639 shaahulsalim@gmail.com | [signature] |
| | Gopinathan C | Sr Accountant General | 9818400201 | [signature] |
| | Venu. V. S | Addl. Director, Social Justice dept. | 9446327185 | [signature] |
| | V. J. Kumar | A.C.S (WRD) | | [signature] |
| | | | | |